ഉത്തരം

(എ) ഉണ്ട്.

(ബി) ഉൽപ്പാദക ഫെഡറേഷനുകൾക്ക് നീര ഉൽപ്പാദനത്തിനുവേണ്ടി തെങ്ങ് ചെത്തുന്നതിനുള്ള ലൈസൻസ് നൽകുന്നത് ജില്ലാ തലത്തിലുള്ള ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറാണ്.

(സി) സംസ്ഥാനത്ത് നാളികേര വികസന ബോർഡിന്റെ അംഗീകാരമുള്ള 173 നാളികേര ഉൽപ്പാദക ഫെഡറേഷനുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുള്ളതിൽ 168 എണ്ണത്തിനാണ് ലൈസൻസ് നൽകിയിട്ടുള്ളതായി എക്സൈസ് കമ്മീഷണർ അറിയിച്ചിരിക്കുന്നത്.

(ഡി) നീര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വിഷം കലർന്ന പച്ചക്കറി ഇറക്കുമതി തടയാൻ നടപടി

134 (1503) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തമിഴ്നാട്ടിൽനിന്നും വരുന്ന വിഷംതീണ്ടിയ പച്ചക്കറികളും പഴവർഗ്ഗങ്ങളും കഴിച്ച് കേരളീയർ അർബുദം തുടങ്ങിയ മാരക രോഗങ്ങൾക്ക് അടിമപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു തടയുന്നതിനായി കൃഷി വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം ;

(സി) ഓരോ വീട്ടിലും ജൈവവള പച്ചക്കറി പ്രോത്സാഹിപ്പിക്കുന്നതിനായി വിത്തും വളവും കൃഷി ഓഫീസുകൾ മുഖേന സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കീടനാശിനികളുടെയും മറ്റു രാസവസ്തുക്കളുടെയും അമിതമായ ഉപയോഗം തടയുന്നതിന് സംയോജിത കീടരോഗ പരിപാലനത്തെക്കുറിച്ച് കർഷകർക്ക് ബോധവത്കരണം വിവിധ ട്രെയിനിംഗ് മുഖേന നൽകുന്നുണ്ട്. ജൈവകൃഷിയുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രാധാന്യവും ആവശ്യകതയും മനസ്സിലാക്കുന്നതിനും മൈക്രോഫിനാൻസ് വ്യാപിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗ്രാമീണ സംസ്കാരത്തെ എല്ലാ കൃഷിഭവനുകളിലും കാർഷിക വികസന സമിതികൾമുഖേന മൈക്രോഫിനാൻസിനെക്കുറിച്ചും ആവശ്യമായ വിവരശേഖരണം നടത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. എല്ലാ നിയോജകമണ്ഡലങ്ങളിലും അതതു പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന കർമ്മ പരിപാടികളെക്കുറിച്ചാലോചിക്കുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ-മാരുടെ അദ്ധ്യക്ഷതയിൽ യോഗങ്ങൾനടത്തി യോഗ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പദ്ധതി നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. പച്ചക്കറികളിലെ രാസകീടനാശിനി അവശിഷ്ടം പരിശോധിക്കുന്നതിന് കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കീടനാശിനി അവശിഷ്ട പരിശോധന ലബോറട്ടറിയിൽ സംവിധാനമുണ്ട്. തിരുവനന്തപുരം, കോട്ടയം, എറണാകുളം, കാസർഗോഡ് നഗരങ്ങളിലെ പച്ചക്കറികടകൾ, സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ച പച്ചക്കറികൾ പരിശോധന നടത്തി ഫലം സർക്കാർ ഔദ്യോഗിക പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) 2015-16-ലെ സമഗ്ര പച്ചക്കറി വികസന പദ്ധതിപ്രകാരം വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ നടപ്പിലാക്കി വരുന്നു:

1. വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിനായി 20 രൂപ വിലവരുന്ന 5-6 ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ വിത്തുപായ്ക്കറ്റുകൾ സ്കൂളുകൾ മുഖേന വിദ്യാർത്ഥികൾക്ക് സൗജന്യമായി നൽകുന്നു. 50 ലക്ഷം വിദ്യാർത്ഥികൾക്കാണ് ഇത്തവണ വിത്ത് നൽകുന്നത്.

2. വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിനായി വീട്ടമ്മമാർക്ക് കൃഷിഭവനുകൾ മുഖേന 20 രൂപ വിലവരുന്ന 5 ലക്ഷം വിത്തു പായ്ക്കറ്റുകൾ സൗജന്യമായി നൽകുന്നു. 5 ലക്ഷം വീട്ടമ്മമാർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്.

3. മട്ടുപ്പാവിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ഇനം പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 25 ഗ്രോബാഗുകൾ വീതം 28334 ഗുണഭോക്താക്കൾക്ക് കൃഷിക്കായി നൽകുന്നു. 2000 രൂപ വിലവരുന്ന ഗ്രോബാഗ് യൂണിറ്റുകൾ 1500 രൂപ സബ്സിഡിയോടെയാണ് നൽകുന്നത്. ആവശ്യക്കാർ 500 രൂപ ഗുണഭോക്തൃ വിഹിതം അടച്ച് കൃഷിഭവനിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ മുൻവർഷങ്ങളിൽ കൃഷിക്കായി നൽകിയ ഗ്രോബാഗുകൾ വീണ്ടും കൃഷി യോഗ്യമാക്കുന്നതിന് ആവശ്യമായ വിത്ത്, വളം, തൈകൾ എന്നിവയും സഹായം നൽകുന്നുണ്ട്.

4. കൂടാതെ വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി മലയാള മനോരമ, മാതൃഭൂമി തുടങ്ങിയ മാധ്യമങ്ങൾ മുഖേന 5 ലക്ഷം വിത്തു പായ്ക്കറ്റുകളും ഗവൺമെന്റ് ഇതര സംഘടനകൾ മുഖേന 4 ലക്ഷം വിത്തു പായ്ക്കറ്റുകളും സൗജന്യമായി നൽകുന്നു. 20 രൂപ വിലയുള്ള വിത്തു പായ്ക്കറ്റുകളാണ് ഇപ്രകാരം നൽകുന്നത്.

കേരള ബ്രാൻഡ് പദ്ധതി

135 (1504) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ജൈവകൃഷിക്കുവേണ്ടി കേരള ബ്രാൻഡ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രാദേശിക ഉല്പന്നങ്ങൾക്ക് ബ്രാൻഡ് അംഗീകാരം നേടിയെടുക്കുന്നതിന് എന്തൊക്കെ നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) കേരള ബ്രാൻഡ് പദ്ധതി നടപ്പാക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്ക് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ ; കേന്ദ്ര സഹായം ലഭ്യമാണോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) ജൈവകൃഷിക്കുവേണ്ടി കേരള ബ്രാൻഡ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്. പ്രാദേശിക ഉൽപ്പന്നങ്ങളുടെ മേന്മയനുസരിച്ച് അതിന് പ്രത്യേക ബ്രാൻഡ് നൽകി വിപണി വർദ്ധിപ്പിച്ച് കർഷകർക്ക് കൂടുതൽ വരുമാനം ഉണ്ടാക്കുക എന്നതാണ് ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly